AIR INDIA express
Simply PriceLess

മലയാള മനോരമ



തിരുവനന്തപുരം ● ബുധനാഴ്ച മുതൽ സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചിടുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കോളജുകളും പ്രഫഷനൽ സ്ഥാപനങ്ങളും പ്രവർത്തിക്കില്ല. മദ്രസ, അങ്കണവാടികളും മാർച്ച് 31വരെ പ്രവർത്തിക്കില്ല. പരീക്ഷ ഒഴികെയുള്ള പ്രവർത്തനങ്ങൾ മാർച്ച് 31വരെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഉണ്ടാകില്ല. പ്രത്യേക മന്ത്രിസഭാ യോഗത്തിനു ശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.



TOP NEWS

**കൊറോണ: ഏഴാം ക്ലാസ് വരെ അവധി; സിബിഎസ്ഇ, ഐസിഎസ്ഇ ബാധകം**

ഉത്സവങ്ങൾ മാറ്റിവയ്ക്കാൻ നിർദേശിക്കും. കല്യാണങ്ങൾ ചെറിയ ചടങ്ങായി ഒതുക്കണം. ജനങ്ങളെ വലിയ രീതിയിൽ അണിനിരത്തുന്നത് ആരാധനാലയങ്ങൾ ഒഴിവാക്കണം. ശബരിമലയിൽ അടക്കം പൂജാ ചടങ്ങുകൾ മാത്രം. ദർശനം ഒഴിവാക്കണം. സർക്കാർ പരിപാടികൾ ഒഴിവാക്കും. നിയമസഭാ സമ്മേളനം ഒഴിവാക്കില്ല. രോഗം പരമാവധി നിയന്ത്രിക്കാൻ സർക്കാർ ശ്രമിക്കുകയാണെന്നും വിദേശത്തുനിന്ന് വരുന്നവർ രോഗവിവരം മറച്ചുവയ്ക്കരുതെന്നും മുഖ്യമന്ത്രി പറഞ്ഞു.

രോഗവിവരം മറച്ചുവച്ചാൽ നിയമ നടപടി സ്വീകരിക്കാൻ സർക്കാർ നിർബന്ധിതരാകും. രോഗ വ്യാപനം തടയാൻ സ്വകാര്യ ആശുപത്രികളുടെ